പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2789

12.10.2011-ൽ മറുപടിയ്ക്ക്

# പി. എം. ജി. എസ്.വൈ. പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. എഫ്. തോമസ്<br>ഡോ. എൻ. ജയരാജ് | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |

എ. പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം സംസ്ഥാനത്തിന് കഴിഞ്ഞ അഞ്ച് വർഷം ലഭിച്ച തുക എത്ര ;

എ. പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം കഴിഞ്ഞ 5 വർഷം ലഭിച്ച തുക ചുവടെ ചേർക്കുന്നു.

| വർഷം | ലഭിച്ച തുക (കോടി രൂപയിൽ) |
|---|---|
| 2006-07 | 15.00 |
| 2007-08 | 24.69 |
| 2008-09 | 82.29 |
| 2009-10 | 100.11 |
| 2010-11 | 144.27 |
| ആകെ | 366.36 |

ബി. ലഭിച്ച തുകയിൽ എത്ര ചെലവഴിച്ചു ;

ബി. ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ലഭിച്ച തുക (കോടി രൂപയിൽ) |
|---|---|
| 2006-07 | 21.59 |
| 2007-08 | 62.28 |
| 2008-09 | 84.41 |
| 2009-10 | 114.570 |
| 2010-11 | 78.610 |
| ആകെ | 361.46 |

സി. പി.എം.ജി.എസ്.വൈ. ഫണ്ട് വിനിയോഗിക്കുന്നതിൽ സംസ്ഥാനം പിന്നോക്കം നില്ക്കുന്നതിന് കാരണം വ്യക്തമാക്കുമോ ;

സി. പി.എം.ജി.എസ്.വൈ. ഫണ്ട് വിനിയോഗിക്കുന്നതിൽ സംസ്ഥാനം പിന്നോക്കം നിൽക്കുന്നതിനുള്ള പ്രധാന കാരണങ്ങൾ ചുവടെ ചേർക്കുന്നു.

* പദ്ധതിയുടെ ആസൂത്രണം, നടത്തിപ്പ്, കണക്കുകൾ സൂക്ഷിക്കുക എന്നിവയ്ക്കായി കേന്ദ്രസർക്കാർ നിഷ്കർഷിച്ച എഞ്ചിനീയറിംഗ് ഡിവിഷനാണ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റ്(പി.ഐ.യു.) സുശക്തമായ എഞ്ചിനീയറിംഗ് ഡിവിഷന്റെ അഭാവം.

* അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ പുനർവിന്യാസത്തിന്റെ ഭാഗമായി ബ്ളോക്ക് പഞ്ചായത്ത് തലത്തിൽ പദ്ധതി നടത്തിപ്പിന് ചുമതലയുണ്ടായിരുന്ന അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ തസ്തികകൾ നിർത്തലാക്കിയത്.

* പദ്ധതി നിർവ്വഹണത്തിനും മേൽനോട്ടത്തിനുമുള്ള താൽക്കാലിക എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ പരിചയകുറവ്.

* പ്രോജക്റ്റ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിൽ വരുന്ന അപാകതകൾ.

* റോഡ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. നിർമ്മാണത്തിന് ആവശ്യമായ ഭൂമി ജനങ്ങളിൽ നിന്നും സൗജന്യമായാണ് ഏറ്റെടുക്കുന്നത്. നിർമ്മാണത്തിന് ആവശ്യമായ ഭൂമി ലഭിക്കും എന്ന ജില്ല/ബ്ളോക്ക് ഗ്രാമപഞ്ചായത്തുകളുടെ ഉറപ്പിൻമേലാണ് പദ്ധതികൾ കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്. എന്നാൽ പദ്ധതി തുടങ്ങുമ്പോൾ ആവശ്യമായ ഭൂമി ലഭിക്കാറില്ല.

* നിർമ്മാണത്തിന് ഏറ്റെടുക്കേണ്ട റോഡുകളിലെ യൂട്ടിലിറ്റികൾ(ടെലഫോൺ, വൈദ്യുത, ജലവിതരണ ലൈനുകൾ) സമയബന്ധിതമായി മാറ്റി സ്ഥാപിക്കാത്തത് പല റോഡുകളുടെയും നിർമ്മാണം മുന്നോട്ടു കൊണ്ടു പോകുന്നതിനോ കരാർ പ്രകാരമുള്ള തീയതിയിൽ പൂർത്തിയാക്കുന്നതിനോ കഴിയാതെ വരുന്നു.

* ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിൽ മണ്ണ്, മെറ്റൽ എന്നിവയുടെ ലഭ്യതകുറവ്, ഇവ കൊണ്ടു പോകുന്നതിനുള്ള നിയന്ത്രണം എന്നിവ മൂലം ഏറ്റെടുത്ത പല പ്രവർത്തികളും ഉപേക്ഷിക്കേണ്ടതായിട്ട് വന്നിട്ടുണ്ട്. ഇതേ കാരണം കൊണ്ടുതന്നെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ വിമുഖത കാണിക്കുന്നു.

* ജില്ലാതലത്തിലുള്ള മേൽനോട്ട സംവിധാനത്തിന്റെ അപര്യാപ്തത കൊണ്ടും പല പ്രവൃത്തികളുടെയും സമയക്രമം പാലിക്കാൻ കഴിയാതെ വരുകയും ഇത് പൊതുജനങ്ങൾക്ക് അസൗകര്യമുണ്ടാക്കുകയും നിർമ്മാണ ചെലവ് കുത്തനെ ഉയർത്തുന്നതിനും അനാവശ്യമായ വ്യവഹാരങ്ങളുടെ നടത്തിപ്പിനും ഇടയാക്കുകയും ചെയ്യുന്നു.

* പദ്ധതിയുടെ സംസ്ഥാനതല ഏകോപനത്തിനും നടത്തിപ്പിനും മുഴുവൻ സമയ വകുപ്പുതല സീനിയർ ഉദ്യോഗസ്ഥരുടെ അഭാവം.

ഇത്തരം കാരണങ്ങൾ കൊണ്ട് യഥാസമയം പദ്ധതി പൂർത്തീകരിക്കുന്നതിനോ കൂടുതൽ കേന്ദ്രവിഹിതം നേടിയെടുക്കുന്നതിനോ സംസ്ഥാനത്തിന് കഴിയാതെ വരുന്നു.

| | | | |
|---|---|---|---|
| ഡി. | പി.എം.ജി.എസ്.വൈ. പദ്ധതി പൂർണ്ണ തോതിൽ നടപ്പാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | ഡി. | പി.എം.ജി.എസ്.വൈ. പദ്ധതികളുടെ നടത്തിപ്പിൽ ഉണ്ടായിട്ടുള്ള പ്രയാസങ്ങൾ കണ്ടെത്തി പരിഹാരം നിർദ്ദേശിയ്ക്കാൻ സർക്കാർ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ കമ്മിറ്റിയുടെ ശുപാർശയിൻമേൽ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.